VOL 2 ISSUE 3 | JANUARY 2019 apcconvoice@gmail.com | www.apccon.com Private Circulation Only

# APCCON VOICE

FREE
Circulation strictly for Christian Churches only

THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION



**ദുർബലമെങ്കിലും സുരക്ഷയുടെ ഈ കരവലയത്തിലൊതുങ്ങുന്നത് എത്ര ആശ്വാസമാണ്!**

**ആശ്രയസ്ഥാനങ്ങൾ നഷ്ടമായി അരക്ഷിതാവസ്ഥയിലേക്കു നിപതിക്കുമ്പോൾ കരംതന്നു കൂടെ നിർത്തുവാനും മാർവോടണയ്ക്കുവാനും കരുത്തനായ നല്ല കർത്താവ് കൂടെയുണ്ടെങ്കിൽ പിന്നെ പരിഭ്രമിക്കേണ്ടതുണ്ടോ? സുരക്ഷിതമെന്നു കരുതിയ പല ആശ്രയസ്ഥാനങ്ങളും നഷ്ടമാകുമ്പോൾ, കൂടെ നിൽക്കാമെന്നു വാക്കുപറഞ്ഞ പലരും വാക്കു മാറുമ്പോൾ യേശുകർത്താവിൽ മാത്രം ആശ്രയിപ്പാൻ ഈ പുതുവർഷത്തിൽ തീരുമാനിക്കാം.**

**ഏവർക്കും അപ്കോൺ വോയ്സിന്റെ**
**പുതുവത്സരാശംസകൾ**

**058- 9239629**
**APCCON WHATSAPP NO.**

MAIL US:
apcconvoice@gmail.com

- **അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.**
- **നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.**



## അപ്കോൺ സ്ഥാപക പ്രസിഡന്റ് പാസ്റ്റർ എം.സി. ചാക്കോ പ്രത്യാശാതീരമണഞ്ഞു

അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ സ്ഥാപക പ്രസിഡന്റും ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ സീനിയർ ശുശ്രൂഷകനുമായിരുന്ന തോട്ടപ്പുഴ ബെഥേൽ പേങ്ങാട് വീട്ടിൽ പാസ്റ്റർ എം.സി.ചാക്കോ (തങ്കച്ചൻ-77), 2018 ഡിസംബർ 23-ന് താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. തിരുവല്ല ഓതറയിലുള്ള വേണാട്ട് കുടുംബത്തിലെ എം.സി.ചെറിയാൻ - സാറാമ്മ ദമ്പതികളുടെ മകനായി 1941 ജൂൺ 23-ന് ചാക്കോ ജനിച്ചു. തന്റെ എട്ടാം വയസ്സിൽ കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും 12-ാം വയസ്സിൽ സ്നാനം ഏൽക്കുകയും ചെയ്തു. ഹൈസ്കൂൾ പഠനത്തിനു ശേഷം ചാക്കോ ബീഹാറിലേക്കു പോയി. പാറ്റ്നയിൽ കുറച്ചുകാലം ജോലി ചെയ്തു. തുടർന്ന് 1964-ൽ താൻ ബഹ്റനിൽ എത്തി. 1965-ൽ വിവാഹിതനായി. ബഹ്റനിൽ നഴ്സായിരുന്ന പുല്ലാട് സ്വദേശിനി സൂസിയെ ആണ് എം.സി.ചാക്കോ ജീവിതസഖിയാക്കിയത്.

1968-ൽ ചാക്കോ അബുദാബിയിലെത്തി. അടൂർ സ്വദേശി കെ.എം. ശാമുവേലിന്റെ നേതൃത്വത്തിൽ 1968-ൽ ആരംഭിച്ച പെന്തെക്കോസ്തു കൂട്ടായ്മയിൽ ചാക്കോയും സംബന്ധിക്കുവാൻ തുടങ്ങി. സുവിശേഷതല്പരനായിരുന്ന ചാക്കോ കിട്ടുന്ന സമയങ്ങളിലെല്ലാം മറ്റുള്ളവരുമായി യേശുവിന്റെ സ്നേഹം പങ്കുവച്ചു. 1969-ൽ സുവിശേഷകനായി വേർതിരിച്ച് കൈവെപ്പു ലഭിച്ചു. 1973-ൽ പാസ്റ്റർ റ്റി.ജി.ഉമ്മൻ അബുദാബി സന്ദർശിച്ചവേളയിൽ എം.സി.ചാക്കോയ്ക്കും കെ.എം. ശാമുവേലിനും ഓർഡിനേഷൻ നൽകി. പാസ്റ്റർമാരായ ചാക്കോയും ശമുവേലും ഐക്യമായി ശുശ്രൂഷകൾ ചെയ്തു. സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന കൂട്ടായ്മ ആ വർഷം ഐ.പി.സി.യോടു ചേർന്നു. 1986-ൽ പാസ്റ്റർ കെ.എം.ശാമുവേൽ കുടുംബമായി അമേരിക്കയിലേക്കു പോയതോടു കൂടെ സഭയുടെ പൂർണ്ണ ചുമതല പാസ്റ്റർ എം.സി. ചാക്കോ ഏറ്റെടുത്തു.

ചെറുപ്പം മുതൽ സുവിശേഷത്തെ സ്നേഹിക്കുകയും അതിന്റെ പ്രചാരകനുമായിരുന്ന പാസ്റ്റർ എം.സി.ചാക്കോ ഔദ്യോഗിക ജീവിതത്തിൽ പോലീസ്ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനായിരുന്നു. അബുദാബി പോലീസ് ഡിപ്പാർട്ടുമെന്റിൽ ഉയർന്ന റാങ്കിൽ ജോലി ചെയ്തിരുന്ന പാസ്റ്റർ എം.സി.ചാക്കോ, 'പോലീസ് ചാക്കോ' എന്ന അപരനാമത്തിലും അറിയപ്പെട്ടിരുന്നു. തന്റെ സഹപ്രവർത്തകർക്കെല്ലാം എം.സി.ചാക്കോ ബഹുമാനിതനായിരുന്നു. സർവ്വീസിൽ നിന്നും വിരമിച്ചു കഴിഞ്ഞിട്ടും ഡിപ്പാർട്ടുമെന്റ് എം.സി.ചാക്കോയ്ക്ക് കാലാവധി നീട്ടിക്കൊടുക്കുകയായിരുന്നു. അത്രമാത്രം ആദരണീയനും വിശ്വസ്തനുമായിരുന്നു അവർക്ക് അദ്ദേഹം.

ദീർഘവർഷങ്ങൾ ഐ.പി.സി. അബുദാബിയുടെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ എം.സി.ചാക്കോ അബുദാബി സഭയുടെ വളർച്ചയ്ക്കൊപ്പം റീജിയണിലെ സഭകളുടെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി പ്രവർത്തിച്ചു. യു.എ.ഇ. റീജിയണിലെ സഭകൾ വളർന്നപ്പോൾ റീജിയൺ രൂപീകരണത്തിലും തുടർന്ന് പ്രസിഡന്റായും സേവനമനുഷ്ടിച്ചു.

അറേബ്യൻ മരുഭൂമിയിൽ സുവിശേഷത്തിന്റെ വെന്നിക്കൊടി പറത്തിയ എം.സി.ചാക്കോ നാലു പതിറ്റാണ്ടു കാലത്തെ ശുശ്രൂഷകൾക്കു

ശേഷം പേജ് 2-ൽ ▶▶



For Private Circulation only - Not for sale

APCCON VOICE

EDITORIAL BOARD

**Advisory Board:**
Pr. Benny P. John
Pr. Jacob Samuel
Br. Sam Zachariah Eapen

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators/ Reporters**
Br. M.J. Baiju
Br. Renju Moses
Br. Joyal
Br. Blesson G. Sam
Br. Vinod Editar
Br. Samkutty Yohannan
Br. Antony
Br. Shinu John
Br. Justin
Br. Ashish Philip
Br. Eldhose

## EDITORIAL

# പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും ദൈവത്തെ സേവിക്കുക



**ജോൺസി കടമ്മനിട്ട**
**ചീഫ് എഡിറ്റർ**

അപ്കോൺ വോയ്സിന്റെ എല്ലാ മാന്യ വായനക്കാർക്കും സന്തോഷത്തിന്റെയും അനുഗ്രഹത്തിന്റെയും പുതുവർഷം നേരുന്നു.
ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ (റോമർ 12:11). ഇവിടെ ലേഖന കർത്താവ് പരാമർശിക്കുന്നത് 'കർത്താവിനെ സേവിക്കുക' എന്നാണ്. Serving the Lord. ദൈവം നമ്മെ വിളിച്ചു വേർതിരിച്ച് തന്റെ മക്കളും അവകാശികളുമാക്കി തീർത്തത് ഈ ദൈവത്തെ സേവിക്കുവാനാണ്. എങ്ങനെ നാം കർത്താവിനെ സേവിക്കണം?

- ആവർത്തനം 10:12-ൽ നാം കാണുന്നു പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ ദൈവത്തെ സേവിക്കണം.
- ഭയത്തോടെ യഹോവയെ സേവിപ്പിൻ (സങ്കീ.2:11).
- സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ (സങ്കീ.100:2).
- അവകാശമെന്ന പ്രതിഫലം പ്രാപിക്കുവാൻ അവനെ സേവിപ്പിൻ (കൊലൊ.3:24).

ഇപ്രകാരം നാം ദൈവത്തെ സേവിക്കുമ്പോൾ ദൈവം നമുക്കു വേണ്ടി പ്രവർത്തിക്കും. വിശുദ്ധ വേദപുസ്തകത്തിൽ ദൈവത്തെ പൂർണ്ണമായി സേവിച്ചവർ, ഭയത്തോടെ, സന്തോഷത്തോടെ സേവിച്ചവർ, പ്രതിഫലം പ്രാപിക്കുവാൻ സേവിച്ചവർ ഇങ്ങനെ നിരവധി പേരെ കാണുവാൻ സാധിക്കും. ദാനിയേൽ പൂർണ്ണമായി ദൈവത്തെ സേവിച്ചു. മരണം സംഭവിച്ചാലും രാജാവിനോടു പ്രാർത്ഥിക്കുകയില്ലെന്ന് ഉറച്ചുതീരുമാനിച്ചു. കാരാഗൃഹത്തിന്റെ അനുഭവത്തിലും സന്തോഷത്തോടെ ദൈവത്തെ സേവിക്കുവാൻ പൗലൊസിനു സാധിച്ചു. കാരാഗൃഹലേഖനമായ ഫിലിപ്പിയർ 4:4-ൽ അദ്ദേഹം പറയുന്നു, കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ. പ്രിയരെ, ദൈവത്തെ സേവിക്കുവാൻ നാം തയ്യാറാകുമ്പോൾ ജീവിതത്തിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനവധി നേരിടേണ്ടി വന്നേക്കാം. എന്നാൽ അതിൽ മനംതളരുവാനോ പതറുവാനോ ഇടവരരുത്. ദൈവം നമ്മെ വഴിനടത്തും. മലാഖി 3:18-ൽ കാണുന്നു, ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം നാം കാണും. അതെ പ്രിയരെ, നീതിസൂര്യനായ നമ്മുടെ കർത്താവ് താമസംവിനാ തന്റെ വിശുദ്ധരെ ചേർക്കുവാൻ മടങ്ങിവരും. ദൈവത്തെ സേവിക്കുന്നവരും സേവിക്കാത്തവരും തമ്മിലുള്ള വ്യത്യാസം അന്നു നാം അറിയും.

ഈ പുതുവർഷത്തിൽ ദൈവത്തെ യഥാർത്ഥമായി സേവിക്കുന്നവരായി നമുക്കു മാറാം. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിക്കാം. അതിനു ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.

# പാസ്റ്റർ എം.സി.ചാക്കോ പ്രത്യാശാതീരമണഞ്ഞു









ശേഷം 2011-ൽ യു.എ.ഇ.യിൽ നിന്നും നാട്ടിലേക്കു യാത്രയായി. 2018 ഡിസംബർ 23-ന് പാസ്റ്റർ എം.സി.ചാക്കോ താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. തന്റെ ദേഹവിയോഗം അബുദാബിയിലുള്ള പെന്തെക്കോസ്തു സമൂഹത്തിന് നികത്താനാവാത്ത വിടവാണ്. പാസ്റ്റർ എം.സി.ചാക്കോ സഭയുടെ ജനറൽ കൗൺസിൽ അംഗമായും സേവനം ചെയ്തിട്ടുണ്ട്.

ഭാര്യ: പുല്ലാട് പൂവത്തുംമൂട്ടിൽ കുടുംബാംഗം സൂസി ചാക്കോ (അമ്മിണിക്കുട്ടി). മക്കൾ: ഡോ. ജോയ്സ് ബ്ലസൻ ഏബ്രഹാം (ഓസ്ട്രേലിയ), ഡോ.എലിസബത്ത് ജോസഫ് (യുഎസ്എ), പാസ്റ്റർ ഏബ്രഹാം ചാക്കോ (അഡ്മിഷൻ ഡീൻ, ഇന്ത്യാ ബൈബിൾ കോളേജ്, കുമ്പനാട്), സൂസൻ ഉമ്മൻ (യുഎസ്എ), ജെയിംസ് ചാക്കോ (ന്യൂസിലാൻഡ്). മരുമക്കൾ: ഡോ.ബ്ലസൻ മാത്യു (ഓസ്ട്രേലിയ), ജോസഫ് ജോൺ (യുഎസ്എ), റേച്ചൽ ഏബ്രഹാം, സുവി. ഒ.കെ.ഉമ്മൻ (യുഎസ്എ), സമാൻഡ ജെയിംസ് (ന്യൂസിലാൻഡ്).

സംസ്കാരം 2018 ഡിസംബർ 29 ശനിയാഴ്ച വൻജനാവലിയുടെ സാന്നിദ്ധ്യത്തിൽ, ഐ.പി.സി. താബോർ വള്ളംകുളം സഭയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

അപ്കോണിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് പാസ്റ്റർ ബെന്നി പി. ജോൺ, വൈസ് പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ശാമുവേൽ തുടങ്ങിയവർ കുടുംബമായി സംസ്കാരശുശ്രൂഷയിൽ സംബന്ധിച്ച് അനുശോചന സന്ദേശം അറിയിക്കുകയും പ്രത്യാശ പങ്കുവയ്ക്കുകയും ചെയ്തു. പാസ്റ്റർ എം.സി.ചാക്കോയോടുള്ള ആദരസൂചകമായി അപ്കോൺ 2019 ജനുവരി 9 ബുധനാഴ്ച വൈകിട്ട് ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ അനുസ്മരണ സമ്മേളനം നടത്തി. അപ്കോൺ അംഗത്വസഭകളിലെ ശുശ്രൂഷകന്മാരും വിശ്വാസികളും മാധ്യമപ്രവർത്തകരും മീറ്റിംഗിൽ പങ്കെടുത്തു.

നിത്യതയുടെ തുറമുഖത്ത് പാസ്റ്റർ എം.സി.ചാക്കോയെ വീണ്ടും കാണാമെന്ന പ്രത്യാശയോടെ അപ്കോൺ വോയ്സും അപ്കോൺ ചർച്ചസും ദുഃഖത്തിൽ പങ്കുചേരുന്നു.

CARMEL IPC
MUSSAFAH, ABU DHABI
www.carmelipc.com carmelipcabudhabi +91 9446651188
അബുദാബിയിൽ ജോലിക്കും സന്ദർശനത്തിനും വരുന്നവർക്കായി അനുഗ്രഹീതമായ ആരാധനാ സൗകര്യം
ആരാധന
എല്ലാ വ്യാഴാഴ്ചയും 7:45 PM - 10:15 PM വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ G2 ഹാളിൽ
ഉപവാസ പ്രാർത്ഥനയും ആരാധനയും
എല്ലാ വെള്ളിയാഴ്ചയും 9:45 AM - 12:15 noon വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ G4 ഹാളിൽ
Every 4th Friday 9:45 am to 12:00 pm ENGLISH WORSHIP & PYPA
• ഈ ആരാധനകളിൽ അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുന്നു.
• പാസ്റ്റർ ജോജി ജോൺസൺ ആരാധനയ്ക്കു നേതൃത്വം കൊടുക്കുന്നു.
• പേഴ്സണൽ കെയറും ആത്മിക മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.
യാത്രാ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
ഈ അനുഗ്രഹീത മീറ്റിംഗുകളിലേക്ക് നിങ്ങളെ ഏവരേയും സ്വാഗതം ചെയ്യുന്നു
For more details please contact: Senior Pastor M.M. Thomas (Joy) +91 9446651188
Pr. Joji Johnson +971 503107651/ Evg. Jeswin M. Thomas +971 556995909

055 52 52 251 | 056 25 25 221

NAJM TOURS




NEW UAE VISA

30 DAYS 320 AED

90 DAYS 750 AED

UAE's Innovative Tourism Service Provider

065 21 21 20 | 055 42 84 787

info@najmtours.com

GLOBAL VISA ASSISTANCE

AROUND 85 COUNTRIES

STARTING FROM 150 AED

ginu@najmtours.com | ginuektr@gmail.com

www.najmtours.com

P.O Box:96727 Near Mubarak center Sharjah | UAE

THINK Travel NAJM



# GETTING BACK TO THE BASICS!



ANJU ELZA SAMUEL

Do we really realize and acknowledge the great privilege we have in our lives? Take a moment and fathom on the fact that there are 7 billion people in the world at present. Now when we add it with the population in the past and all that are yet to come in future Is it not a wonder and does it not give us an overwhelming joy to realize that God chose us and Out of all these people we got a chance to know the Lord?

We could have been living in hopelessness, without purpose and living in sin and darkness and could have perished without the knowledge of the truth, But God in his mercy saw us, chose us, redeemed us and he shall sanctify us and glorify us and we shall be with Jesus always. And that is only and only because of His grace on us as said in Ephesians 2 : 8-9 : 8 For by grace you have been saved through faith, and that not of yourselves; it is the gift of God, 9 not of works, lest anyone should boast.

If only we could ponder on such great mystery for a little while "oh Mann" , " who am I that God is mindful of me?"

It sure brings tears to my eyes when I think about how great the manner of love God has lavished on us.The more we grow in life and in Christ, the more deeper we need to ponder and be grateful about this great love of the father. And so, let us know that in a world full of questions and theological discussions God is expecting us to get back to some biblical basics. These days Unfortunately we miss out on the basic principles, basic doctrines and fundamentals. Many of us are engrossed in other things that we feel is significant and we base our spiritual growth on those, all the while missing out on the fundamental principles.

God expects us to come back to the basics as a Christian. What are they?

- **Salvation (We are the Children of God! )**

Am I thinking about my salvation daily? Am I pondering up on the love Christ showed on the cross for me? Am I grateful? Am I working out my salvation?

John 1:12 says, whoever believes in him to them God gave the right to be called as the children of God. Jesus gave us salvation, and this is the fundamental aspect and the most basic notion that should drive us every single day and moment. Not just on Fridays when we go to church or when we pray and read the word. It should be the core of our Christian life and our daily motivation.

- **To keep God First**

Am I loving God with all my heart soul and mind and giving him the highest priority in my life? Is he the center of my life? Am I abiding by his words? Do I love my neighbor as myself?

Psalm 16:8 says, I have kept the lord always before me, because he is at my right hand I shall not be moved. We got to keep God first in everything we do and for His glory. It means that in our every word and action, where ever we are and whatever we do, be it college, work place, house or church it should be all for Him and for name to be Lifted High

Thus, if we give him the first priority and live our lives as per his plan It shall be good with us and be for us blessing.

Loving God also means to obey his commandment, to love our neighbors as ourselves. Sometimes this commandment can be hard when they(especially a church mate or a close friend )mistreat us or accuse us of a doing we are innocent of. But those might be the moments where we are tested by God on our love, tolerance and forbearance. In such circumstances we ought to stay calm and pray for them that their sins may be forgiven. For it is written love covers a multitude of Sin.

- **To be rooted in the word of God and to walk under the guidance of the Holy Spirit.**

Reading and Meditating the word of God, confessing the word of God in all our circumstances be it a good, bad or hard situation and above all living a life as per the Word , Thus God shall rejoice over us. Because His ultimate will and purpose for each of us is that we live such a life and be taken at His coming that we shall have the Eternal Life. Let us sincerely take a decision to read the Bible fully and meditate it. Let the Word of God be always on our mouth.

All these above mentioned can happen in our life only with the help of Holy Spirit. John 16 :8 says : 8 And when He has come, He will convict the world of sin, and of righteousness, and of judgment. To be lead by the Spirit , to walk in the Spirit and to hear and obey Him , that's what God is expecting from us. He shall help us to overcome our temptations and sins.

Holy spirit is the spirit of wisdom. He is our guide and counselor, Guiding us in all truth and righteousness. Many at times we prefer the gift of Holy Spirit over the fruit. Although it is mandatory for us to exercise the gift, it is equally important to practice the fruit. Paul exhorts us by saying that even if we speak in tongues and have the gift of prophecy If we don't have love we lack everything.

Therefore may our Lord Jesus Christ help each of us to live a pure life as per His plans and purposes and to be taken and be with Him on that day when the Lord is either calling us Home or during the rapture.

Jude 1 : 24 says that He will keep us from stumbling and that He shall present us faultless in His glory with exceeding joy.





സജി നെടുങ്കണ്ടം




# തിരഞ്ഞെടുപ്പിൽ തിരുഹിതം തിരിച്ചറിയുക

**ഒരു ലീഡർ ഉണ്ടാകേണ്ടത് തിരഞ്ഞെടുപ്പിലൂടെ അല്ല മറിച്ച്, തിരുഹിതത്താലായിരിക്കണം. അവരിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ വളരെ വലുതായിരിക്കും. ലോകപ്രകാരമുള്ള യോഗ്യതകളെക്കാൾ ദൈവഹിതത്താലുള്ള തിരഞ്ഞെടുപ്പ് ആ വ്യക്തിക്ക് ഉണ്ടോയെന്നതാണ് പ്രധാനം. ലോകം കണ്ടതിൽ വച്ചേറ്റവും വലിയ നേതാവ് മോശെ ആയിരുന്നു. തന്നിൽ നിക്ഷിപ്തമായിരുന്ന ദൗത്യവും ഉന്നതമായിരുന്നു. നാന്നൂറ് കൊല്ലത്തെ യിസ്രായേലിന്റെ അടിമജീവിതത്തിന് അറുതിവരുത്തി വാഗ്ദത്ത കനാനിൽ അവരെ കാലുകുത്തിക്കുവാൻ നിയോഗം ലഭിച്ച മോശെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു.**

എല്ലാ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെയും നേതൃത്വനിരയിലേക്കുള്ള ഒരു തിരഞ്ഞെടുപ്പു കാലം കൂടി സമാഗതമാകുന്നു. ലോക്കൽ സഭകളിലെ കമ്മറ്റി രൂപീകരണം മുതൽ സെന്റർ, സ്റ്റേറ്റ്, ജനറൽ തലങ്ങൾ വരെയുള്ള തിരഞ്ഞെടുപ്പുകളിൽ ദൈവഹിതത്താലുള്ളവർ മുൻനിരയിൽ എത്തുവാൻ ദൈവദാസന്മാരും വിശ്വാസി സമൂഹവും നന്നായി പ്രാർത്ഥിക്കണം. കാരണം, ദൈവസഭകളുടെ ഭരണചക്രം തിരിക്കേണ്ടവരെല്ലാംതന്നെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടേണം. ദൈവസഭകളുടെ ആത്മിക, ഭൗതിക തലങ്ങളെ യഥാക്രമം കുറ്റമറ്റ നിലയിൽ നയിക്കണമെങ്കിൽ ദൈവത്താൽ നിയോഗിക്കപ്പെട്ടവരെക്കൊണ്ടേ കഴിയൂ.

നമ്മുടെ ഇടയിലെ ഏതുതരം തിരഞ്ഞെടുപ്പുകളും പ്രാർത്ഥനയിലൂടെ മാത്രമേ സുതാര്യമായി പൂർത്തീകരിക്കാനാകൂ. അധികാരസ്ഥാനങ്ങളിലേക്ക് എത്താനാഗ്രഹിക്കുന്നവരും തികഞ്ഞ പ്രാർത്ഥനയോടെ തിരുഹിതം തിരിച്ചറിയുക. നമ്മുടെയെല്ലാം ആരാധ്യപുരുഷനായ യേശുനാഥൻ തന്റെ കൂടെയിരുന്ന് ശുശ്രൂഷിക്കേണ്ടതിന് പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു. യേശുവിന്റെ ശിഷ്യന്മാരായി അനവധിയാളുകൾ ഉണ്ടായിരുന്നു. അവരിൽ നിന്നാണ് 12 അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കുന്നത്. അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കാൻ തീരുമാനിച്ച യേശുനാഥൻ ഒരു രാത്രി മുഴുവൻ ഏകനായി പ്രാർത്ഥിച്ചു. നേരംപുലർന്നപ്പോൾ മലയിറങ്ങി താഴ്വാരത്തിലെത്തി ശിഷ്യന്മാരിൽ നിന്നും പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു (ലൂക്കൊ.6:12).

ഒരു രാത്രി മുഴുവൻ പ്രാർത്ഥിച്ചിട്ട് യേശു നടത്തിയ തിരഞ്ഞെടുപ്പിൽ ഒരു ഒറ്റുകാരൻ ഒളിഞ്ഞിരുന്നെങ്കിൽ ഒരു പ്രാർത്ഥനയും ഇല്ലാതെടുക്കുന്ന തിരഞ്ഞെടുപ്പും തീരുമാനങ്ങളും പരാജയപ്പെടുന്നതിൽ ഒട്ടും അതിശയിക്കാനില്ല.

ഒരു ലീഡർ ഉണ്ടാകേണ്ടത് തിരഞ്ഞെടുപ്പിലൂടെ അല്ല മറിച്ച്, തിരുഹിതത്താലായിരിക്കണം. അവരിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ വളരെ വലുതായിരിക്കും. ലോകപ്രകാരമുള്ള യോഗ്യതകളെക്കാൾ ദൈവഹിതത്താലുള്ള തിരഞ്ഞെടുപ്പ് ആ വ്യക്തിക്ക് ഉണ്ടോയെന്നതാണ് പ്രധാനം. ലോകം കണ്ടതിൽ വച്ചേറ്റവും വലിയ നേതാവ് മോശെ ആയിരുന്നു. തന്നിൽ നിക്ഷിപ്തമായിരുന്ന ദൗത്യവും ഉന്നതമായിരുന്നു. നാന്നൂറ് കൊല്ലത്തെ യിസ്രായേലിന്റെ അടിമജീവിതത്തിന് അറുതിവരുത്തി വാഗ്ദത്ത കനാനിൽ അവരെ കാലുകുത്തിക്കുവാൻ നിയോഗം ലഭിച്ച മോശെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു. അടിമനുകം തകർത്തു പുറപ്പെടാൻ അവർക്ക് ഒരു രാത്രി. പുറപ്പാടിന്റെ നായകനെ പുറത്തുകൊണ്ടുവരാൻ ദൈവത്തിന് എൺപതു വർഷം തന്നെ അനുവദിക്കേണ്ടി വന്നു. മാനുഷിക യോഗ്യതയിൽ മോശെ അമ്പേ പരാജയപ്പെട്ടവനായിരുന്നു. ഒരു നേതാവിന് എപ്പോഴും ഘനഗംഭീരമായ ശബ്ദവും തികവാർന്ന സംസാരശേഷിയും അനിവാര്യമാണ്. ഇതിൽ മോശെ പരാജയപ്പെട്ടവനായിരുന്നു എന്നു സ്പഷ്ടം. കാരണം, വിക്കനും തടിച്ച നാവുള്ളവനുമായിരുന്നു അവൻ. ബുദ്ധിപൂർവ്വം കാര്യങ്ങൾ നിരീക്ഷിച്ച് നിലപാടുകൾ സ്വീകരിക്കുന്നതിൽ തികഞ്ഞ പരാജയവും. കൊട്ടാരവാസവും ഗുരുകുല വിദ്യാഭ്യാസവും ഒന്നും ഒരു നല്ല ലീഡറെ മോശെയിൽ നിന്നും പുറത്തെടുക്കാൻ സാധിച്ചില്ല. കൊട്ടാരവാസം കൊണ്ട് ആകെക്കിട്ടിയ ഗുണം കൊലപാതകനായി നാടുവിടേണ്ടി വന്നു എന്നതാണ്. എന്നാൽ മരുഭൂമിയിലെ നാല്പതു വർഷത്തെ വാസവും ആട്ടിടയനായുള്ള ജോലിയും മോശെയുടെ അഭ്യസനത്തിന്റെ നാൾവഴികളായിരുന്നു.

യേശുനാഥന്റെ ഉയിർപ്പിനു ശേഷം യെരൂശലേമിൽ കാത്തിരുന്ന ശിഷ്യന്മാർ യൂദായ്ക്കു പകരം ഒരു ശിഷ്യനെ തിരഞ്ഞെടുക്കുന്നുണ്ട്. ആ തിരഞ്ഞെടുപ്പ് നടന്നത് ചീട്ടിട്ടാണ്. അതിന് എഴുന്നേറ്റതും വെളിപ്പാട് പ്രാപിച്ചതും പത്രൊസ് ആയിരുന്നു (അപ്പൊ.പ്രവൃ.1:23-26). ആ തിരഞ്ഞെടുപ്പു രീതി അനുകരണീയമെങ്കിലും വളർന്നു പന്തലിച്ച ഒരു സഭാസമൂഹത്തിന് ആ രീതി തികച്ചും ബുദ്ധിമുട്ടുള്ളതാണ്. എന്നിരുന്നാലും ലോക്കൽ സഭകളിലെ തിരഞ്ഞെടുപ്പു മുതൽ സഭാകേന്ദ്രങ്ങളിലെ തിരഞ്ഞെടുപ്പു വരെ പ്രാർത്ഥനയോടും പരിജ്ഞാനത്തിലും ആയിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്. നാം അധികാരക്കൊതിയന്മാരാകാതെ മറ്റുള്ളവർക്കു കൂടി അവസരം നൽകാൻ തയ്യാറുള്ളവരായിരിക്കണം. ദൈവഹിതം തിരിച്ചറിഞ്ഞ് പ്രാർത്ഥനയോടെ നടത്തുന്ന തിരഞ്ഞെടുപ്പുകൾ ലോക്കൽ സഭകളിലാണെങ്കിലും സഭാകേന്ദ്രങ്ങളിലാണെങ്കിലും പരാജയപ്പെടില്ല. തിരഞ്ഞെടുപ്പിനു മുന്നോടിയായി ഒരു മുഴുരാത്രി പ്രാർത്ഥനയെങ്കിലും നടത്തുന്നത് ഉചിതമായിരിക്കും. അത് കർത്താവ് കാട്ടിയ മാതൃകയുമാണ്.

ഐ.പി.സി. സീയോൻ സഭ
അബുദാബി, മുസഫ

അബുദബിയിലോ മുസഫയിലോ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവർക്ക്, ആത്മീയ ആരാധനയിലേക്ക് സ്വാഗതം. വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

OUR REGULAR SERVICE
Sunday WORSHIP
8 pm to 10 pm BCC G-3
Thursday Meeting
8 pm to 10 pm,
Friday FASTING PRAYER
12 pm to 2.30 pm BCC G-3

For more information:
Pr. P.M. Samuel (Sam Koodal) 050 5419678/ 056 2244464
Br. Moncy Varghese (Sec.) 050 8358063/ Br. Jenson Mathew (Trea) 050 8087880

ARTICLE



# വേദി ഒരുക്കിയ വേദിക്കല്ല്

**ഇന്ന് നമ്മുടെ ചുറ്റുപാടുകൾ അഥേനയ്ക്ക് സമാനമായി മാറിയിരിക്കുന്നു. മനുഷ്യൻ അറിവിന്റെ ഉന്നതികളിലാണെങ്കിലും പലർക്കും ബുദ്ധിയുടെ മൂർദ്ധന്യതയിലും സത്യദൈവത്തെ തിരിച്ചറിയുവാൻ കഴിയുന്നില്ല. ഇവിടെ നമ്മൾ ദൈവീകത മറഞ്ഞിരിക്കുന്ന വേദിക്കല്ലുകളായി തീരണം. നമ്മൾ ക്രിസ്തുവിന്റെ പ്രതിബിംബങ്ങളായി മാറണം. നമ്മുടെ ജീവിതാനുഭവങ്ങളിലൂടെ സുവിശേഷത്തിന്റെ കൈയ്യെഴുത്ത് മറ്റുള്ളവർക്ക് അജ്ഞാതമെങ്കിലും ആത്മാവിന്റെ പ്രവൃത്തിയിലൂടെ നമ്മൾ ആ ദൈവശക്തിയുടെ പ്രദർശനശാലകളായി മാറണം.**



**പാസ്റ്റർ സി.സി.ജോണി**

തത്ത്വചിന്തകൾ കൊണ്ട് പുകൾപെറ്റ യവനായ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരിയായിരുന്നു അഥേന. പാശ്ചാത്യലോകത്തിലെ പ്രസിദ്ധരായ തത്ത്വചിന്തകന്മാർക്ക് ജന്മംനൽകിയ അറിവിന്റെ പട്ടണം. വാളിന്റെ ശക്തികൊണ്ട് വളർന്നുവന്നവർ വാളിനേക്കാൾ വാക്കുകളെ സ്നേഹിച്ചു തുടങ്ങിയപ്പോൾ റോമൻ സാമ്രാജ്യത്വശക്തികൾ ബി.സി. 146-ൽ ആതൻസ് പിടിച്ചെടുത്തു. ഈ റോമൻ അധികാരത്തിന്റെ വാഴ്ചകൾ ഗ്രീസിനെ വരിഞ്ഞുമുറുക്കിയെങ്കിലും ആതൻസ് ഒരു സ്വതന്ത്ര പട്ടണമായി നിലനിർത്തി. ജനനിബിഡമായ തെരുക്കോണുകളിലും വൃക്ഷച്ചുവട്ടിലും വിജനമായ ഇടങ്ങളിലുമെല്ലാം വാചാലമാവുന്ന പണ്ഡിതസദസുകൾക്ക് മുമ്പിൽ ജനം ഇവിടെ കാതോർത്തു. അവിടെ അറിവും അറിവും തമ്മിൽ ഏറ്റുമുട്ടി. ദൈവവും സൃഷ്ടിപ്പും മനുഷ്യരും മതവും ആത്മാവും മരണവുമെല്ലാം ചൂടുപിടിച്ച തർക്കങ്ങൾക്ക് വിഷയീഭവിച്ചു. ഭൗതീകതയുടെ സുഖം മാത്രം അനുഭവിക്കുന്നതിനു വേണ്ടിയാണ് മാനുഷിക ജന്മമെന്നു വാദിച്ച എപ്പികൂര്യരും സുഖദുഃഖ സമ്മിശ്രമായ ജീവിതത്തിന്റെ ഉടമകളാണ് മനുഷ്യസമൂഹമെന്നു വാദിക്കുന്ന സ്തോയിക്കരുമെല്ലാം ഒരു മതമായി തന്നെ ആതൻസിൽ വളർന്നു.

സിരകളിൽ തർക്കശാസ്ത്രത്തിന്റെ ആവേശവുമായി സഞ്ചരിച്ച പൗലൊസ് എന്ന പ്രേഷിതാചാര്യൻ തന്റെ രണ്ടാം മിഷണറി യാത്രയിൽ അഥേനയെന്ന പട്ടണത്തിലെത്തി. ജനനിബിഡമായ ചന്തസ്ഥലങ്ങളിൽ അദ്ദേഹം സത്യസുവിശേഷത്തിന്റെ പ്രചാരകനായി. ഈ നവീന ഉപദേശത്തിന്റെ അറിവ് അഥേനയിലും ചർച്ച ചെയ്യപ്പെട്ടു. ജനഹൃദയങ്ങളിൽ സമ്മിശ്രമായ പ്രതികരണങ്ങൾ. പണ്ഡിതസഭയുടെ ന്യായവാദങ്ങളുടെ മുനയൊടിച്ച് പൗലൊസ് മുന്നേറി. വിവരം നഗരാധിപന്മാരുടെ കാതുകളിലുമെത്തി. പുത്തൻ ആശയങ്ങളുടെ ഉപദേഷ്ടാക്കന്മാരെ വിസ്തരിക്കുന്ന അരയോപഗ കുന്നിലേക്ക് പൗലൊസിന് ക്ഷണം ലഭിച്ചു.

ബഹുദൈവ വിശ്വാസത്തിന്റെ പിടിയിലമർന്ന് വിഗ്രഹ നിബിഡമായ ആരാധന കേന്ദ്രങ്ങൾ നിറഞ്ഞ അരയോപഗ കുന്നിൻമുകളിൽ ഏകദൈവ വിശ്വാസത്തിന്റെ പ്രഘോഷകനായ പൗലൊസിന്റെ ഹൃദയം അസ്വസ്ഥമായി.ആയിരക്കണക്കിന് വേദിക്കല്ലുകളിൽ ആവാഹിക്കപ്പെട്ടിരുന്ന ദൈവങ്ങളുടെ പേരുകൾ ഭക്തിപൂർവ്വം കൊത്തിവെച്ചിരുന്നു. അവിടെ പൗലൊസിന് കൗതുകമുണർത്തിയ കാഴ്ച മറ്റൊന്നായിരുന്നു. നാമകരണം ചെയ്യപ്പെട്ട ദേവതകളുടെ ബലിപീഠങ്ങൾക്കിടയിൽ അജ്ഞാത ദേവന് എന്നെഴുതിയ വേദിക്കല്ല്.

പൗലൊസിന്റെ ഉള്ളിലെ സുവിശേഷകൻ ഉണർന്നു. ജ്ഞാനികൾ എന്ന് അഹങ്കരിച്ച അഥേനക്കാരുടെ അജ്ഞതകളിലേക്ക് പൗലൊസിന്റെ വാക്കുകൾ ചാട്ടുളിപോലെ തുളഞ്ഞുകയറി. യവനായ ജനതയുടെ ദൈവസങ്കൽപ്പങ്ങളുടെ അജ്ഞതയെ വിമർശന വിധേയമാക്കപ്പെട്ട പ്രഭാഷണമദ്ധ്യേ ഉയരുന്ന ചോദ്യങ്ങളെ തന്റെ പാണ്ഡിത്യത്തിന്റെ കരുത്തുകൊണ്ട് പൗലൊസ് നേരിട്ടു. ഉള്ളിൽ കത്തുന്ന ദൈവീക തീഷ്ണതയുടെ പ്രതിഫലനം നാവുകളിൽ കത്തിപ്പടർന്നപ്പോൾ ഗ്രീസിലെ ജനതയുടെ അറിവിന്റെ അഹങ്കാരം പുൽനാമ്പുപോലെ ഭസ്മീകരിക്കപ്പെട്ടു. പരിണതഫലം അരയോപഗ സമതിയുടെ അദ്ധ്യക്ഷൻ പോലും പൗലൊസ് ഉയർത്തിയ ആശയങ്ങൾക്ക് മുമ്പിൽ അടിപതറി ക്രിസ്തു സഭയുടെ ഭാഗമായി മാറി.


ഇന്ന് നമ്മുടെ ചുറ്റുപാടുകൾ അഥേനയ്ക്ക് സമാനമായി മാറിയിരിക്കുന്നു. മനുഷ്യൻ അറിവിന്റെ ഉന്നതികളിലാണെങ്കിലും പലർക്കും ബുദ്ധിയുടെ മൂർദ്ധന്യതയിലും സത്യദൈവത്തെ തിരിച്ചറിയുവാൻ കഴിയുന്നില്ല. ഇവിടെ നമ്മൾ ദൈവീകത മറഞ്ഞിരിക്കുന്ന വേദിക്കല്ലുകളായി തീരണം. നമ്മൾ ക്രിസ്തുവിന്റെ പ്രതിബിംബങ്ങളായി മാറണം. നമ്മുടെ ജീവിതാനുഭവങ്ങളിലൂടെ സുവിശേഷത്തിന്റെ കൈയ്യെഴുത്ത് മറ്റുള്ളവർക്ക് അജ്ഞാതമെങ്കിലും ആത്മാവിന്റെ പ്രവൃത്തിയിലൂടെ നമ്മൾ ആ ദൈവശക്തിയുടെ പ്രദർശനശാലകളായി മാറണം.

നമ്മുടെ ചുറ്റുപാടുകളിൽ അറിയപ്പെടുന്ന കഴിവും മഹിമയും മറ്റ് അംഗീകാരങ്ങളും ഉള്ളവർ ഉണ്ടായേക്കാം. എന്നാൽ ആരും അറിയപ്പെടാത്തതിനെ, അവഗണിക്കപ്പെട്ടതിനെ ഉപയോഗിക്കുന്നതാണ് ദൈവത്തിന് ഇഷ്ടം. പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ പ്രതീക്ഷകളുടെ സന്ദേശവും അതായിരുന്നു. ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ദൈവം ഭോഷത്വമായതിനെയും ബലമുള്ളതിനെ ലജ്ജിപ്പിക്കുവാൻ ബലഹീനമായതിനെയും തിരഞ്ഞെടുക്കുന്നു. ദൈവീക സ്നേഹത്തിന്റെ ഈ ഇടപെടലുകളുടെ ഉദാത്തമായ മാതൃകയാണ് കാനാവിലെ കൽപ്പാത്രങ്ങൾ. അതിനാൽ പ്രശസ്തിയുടെ ലോകത്ത് പ്രസക്തി നഷ്ടപ്പെടുമെന്നുള്ള ചിന്തകൾ വെടിഞ്ഞ് ദൈവീക സാക്ഷ്യത്തിന്റെ വേദിക്കല്ലുകളായി തീരുവാൻ നമുക്ക് കഴിയട്ടെ.





For Private Circulation only - Not for sale



# മുറുകെപ്പറ്റുന്ന പാപവും സ്ഥിരതയുള്ള ഓട്ടവും

ജോൺ തോമസ്, മുസഫ

ഒരു അത്‌ലറ്റിനെ സംബന്ധിച്ചിടത്തോളം വളരെ നാളത്തെ അവന്റെ പരിശീലനത്തിന്റെ ഫലം നൽകുന്ന ഇടമാണ് ഓട്ടക്കളം. വളരെ ചിട്ടയോടും ശ്രദ്ധയോടും കൂടെയുള്ള പരിശീലനത്തിന്റെ ഒരേയൊരു ലക്ഷ്യം ഓട്ടത്തിൽ വിജയം നേടുക എന്നുള്ളതാണ്. എന്നാൽ തന്റെ ശരീരത്തിനേൽക്കുന്ന ചെറിയ ഒരു മുറിവു പോലും അവന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും എല്ലാം തകർത്തുകളയും. ഒരു ദൈവപൈതലിന്റെ ജീവിതാനുഭവങ്ങളും ഇതുപോലെയാണ്. നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാൻ നാം ശ്രമിക്കാറുണ്ട്. എന്നാൽ അതിനു തടസ്സംനിൽക്കുന്ന കാര്യങ്ങൾ എന്താണെന്നു ചിന്തിക്കുവാനോ നമ്മുടെ വിരുതിനെ തെറ്റിക്കുന്ന ദുർഘടങ്ങളെ തരണം ചെയ്യുവാനോ പലപ്പോഴും നാം ശ്രമിക്കാറില്ല. മാത്രമല്ല, അതിനു കീഴ്പ്പെട്ടു പോകുന്ന അവസ്ഥയിലൂടെ പലരും കടന്നുപോകുന്നു.

ഒരു അത്‌ലറ്റിന്റെ സ്വപ്നങ്ങൾ തകർക്കുവാൻ ചെറിയ മുറിവുകൾ കാരണമാകുന്നതുപോലെ തന്നെ ഒരു ദൈവപൈതലിന്റെ വിരുതു തെറ്റിക്കുവാൻ ഹേതുവാകുന്ന കാര്യങ്ങളാണ് അനാവശ്യമായ ഭാരവും മുറുകെപ്പറ്റുന്ന പാപവും. ദൈവവചനം ഇപ്രകാരം പറയുന്നു, ‘‘സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.’’ എന്നാൽ ഇവ നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയാൽ ആത്മികജീവിതത്തിലെ നമ്മുടെ സമാധാനവും സന്തോഷവും എല്ലാം ഇല്ലാതെയാകും. അനാവശ്യമായ ഭാരങ്ങൾ പേറി നടക്കുന്നതു മൂലം ആത്മികജീവിതത്തിൽ വേണ്ട വിധം ശ്രദ്ധചെലുത്തുവാൻ നമുക്കു കഴിയാതെ പോകുന്നു.‘‘നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക; അവൻ നിന്നെ പുലർത്തും’’ എന്നു വചനത്തിലൂടെ പല ആവർത്തി ഓർമ്മിപ്പിച്ചുണർത്തിയാലും നമ്മിൽ പല ർക്കും വീണ്ടും ആ ഭാരവും പേറി നടക്കുവാനാണ് താല്പര്യം. ‘‘ആകയാൽ എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരു’’തെന്ന് വചനം പറയുമ്പോൾ പലപ്പോഴും ആ ഭാരങ്ങൾ നമ്മെ കീഴ്പ്പെടുത്താറില്ലേ. എന്റെ ഭാവി എന്തായിത്തീരും? കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം, കുടുംബത്തിന്റെ മുമ്പോട്ടുള്ള ഗമനം, ജോലി നഷ്ടപ്പെടുമോ? തുടങ്ങിയ ഭാരങ്ങൾ നമ്മെ കീഴ്പ്പെടുത്തുമ്പോൾ നാം അറിയാതെ തന്നെ നമ്മുടെ വിരുതിൽ നിന്നു നാം തെറ്റിപ്പോകും. എന്നാൽ സർവ്വശക്തനായ ദൈവം ഇപ്രകാരം പറയുന്നു, ‘‘നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലങ്കരം പിടിച്ച് നിന്നോടു ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും.’’ ഇപ്രകാരം ഒരു ദൈവം നമ്മെ സഹായിക്കുവാനുള്ളപ്പോൾ നമ്മുടെ വിരുതിനെ തെറ്റിക്കുന്ന ഭാരങ്ങളും പ്രയാസങ്ങളും ആ ദൈവത്തിന്റെ കരങ്ങളിൽ ഏല്പിക്കുവാൻ കഴിയട്ടെ. അവൻ നമുക്കായി കരുതുന്ന ദൈവമാകയാൽ നമ്മുടെ സകല ഭാരങ്ങളിൽ നിന്നും ചിന്താകുലങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കി ലക്ഷ്യത്തിലേക്ക് ഓടുവാൻ നമുക്കു കൃപ നൽകും.

നമ്മുടെ ഭാരങ്ങളിലും പ്രയാസങ്ങളിലും നമുക്കു തുണ നിന്ന് ദൈവം നമ്മെ നടത്തുമെങ്കിലും നമ്മുടെ വിരുതു തെറ്റിക്കുന്ന ഏറ്റവും പ്രധാന ഘടകമായ മുറുകെപ്പറ്റുന്ന പാപപ്രവൃത്തികളോടു സന്ധിചെയ്യുവാൻ ദൈവത്തിന് ഒരിക്കലും കഴിയില്ല. നമ്മുടെ ഓട്ടത്തിൽ നിന്നും ലക്ഷ്യസ്ഥാനത്ത് എത്തുന്നതിൽ നിന്നും തടയുവാനും വഴിയിൽ നമ്മെ തകർത്തുകളയുവാനും നാം പലപ്പോഴും നിസ്സാരമെന്നു വിചാരിക്കുന്ന പല പാപപ്രവൃത്തികൾക്കും കഴിയും. ചിന്തകളിലൂടെ, പ്രവർത്തികളിലൂടെ, കൊടുക്കൽ വാങ്ങലുകളിലൂടെ പലപ്പോഴും നമ്മുടെ ജീവിതത്തിൽ തെറ്റുകൾ സംഭവിക്കാറുണ്ട്. എന്നാൽ അതു തെറ്റാണെന്നു നമുക്ക് അറിയാമെങ്കിലും വീണ്ടും വീണ്ടും ആ തെറ്റുകളിൽ അകപ്പെട്ടു പോകാറുണ്ട്. പശ്ചാത്തപിക്കുമെങ്കിലും വീണ്ടും അതേ തെറ്റുകൾ ആവർത്തിക്കുന്നത് നമ്മിൽ പലരുടെയും സ്വഭാവത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുന്നു. ഇത് വിശ്വാസജീവിതത്തിന്റെ അധഃപതനത്തിന് കാരണമാകുന്നു. ഇത്തരത്തിൽ വിശ്വാസജീവിതത്തെ കാർന്നുതിന്നുന്ന പാപപ്രവൃത്തികളെ മുറുകെപ്പറ്റുന്ന വിധത്തിൽ നമ്മുടെ ജീവിതത്തിൽ വളരുവാൻ നാം അവസരം കൊടുക്കരുത്.

ദൈവരൂപത്തിലിരിക്കെ പിതാവാം ദൈവത്തോടുള്ള അഭേദ്യമായ ബന്ധവും ദൈവത്തോടുള്ള സമത്വവും സകല സ്വർഗ്ഗീയ മഹിമകളും വെടിഞ്ഞ് പുറംപറമ്പിൽ എറിയപ്പെട്ട എന്നെയും നിന്നെയും തേടി താഴെ ഭൂമിയിലേക്കു വന്ന സ്നേഹം എത്രയോ വലിയതാണ്. എല്ലാവരാലും ത്യജിക്കപ്പെട്ട് സാത്താന്റെ അധീനതയിൽ പാപത്തിന്റെ കുഴിയിൽ കിടന്ന് അയ്യംവിളിച്ചിരുന്ന നമ്മെ ദൈവീക മഹിമകൾ വിട്ട് തേടിവന്ന ആ താഴ്മ എത്രയോ ശ്രേഷ്ഠമാണ്. അന്ധകാരത്തിൽ കിടന്നിരുന്ന നമ്മെ ഓരോരുത്തരെയും തന്റെ അത്ഭുത പ്രകാശത്തിലാക്കി നമ്മെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും പ്രത്യേക ജാതിയും സ്വന്തജനവും പദവിയും നൽകിയ ദൈവത്തിന്റെ കരുണ എത്രയോ അവർണ്ണനീയമാണ്. മുമ്പെ കരുണ ലഭിക്കാത്തവരായ നമ്മെ, മുമ്പെ ജനമല്ലാത്തവായിരുന്ന നമ്മെ, കരുണയും കൃപയും ദയയും പകർന്ന് സ്വന്തജനമെന്ന പദവി നൽകി മരണത്താൽ മറയാത്ത ആ മഹൽ സ്നേഹപ്രഭയിൽ മരണത്തിനപ്പുറവും നിലനിൽക്കുന്ന ആ പിരിയാത്ത ബന്ധത്തിലേക്കു കരംതന്ന് വഴിനടത്തിയ ആ കൃപ എത്രയോ മഹത്തരമാണ്. എന്നാൽ സ്വന്തജനം എന്ന പദവിയും പ്രിയൻ നമുക്കായി ഒരുക്കിവച്ചിരിക്കുന്ന യുഗായുഗങ്ങളായ വാസവും നമ്മുടെ പിഴവു മൂലം നാം നഷ്ടമാക്കരുത്.

നമ്മുടെ ഈ മൺകൂടാരം വിട്ട് സ്വർഗ്ഗീയ ഭവനത്തിൽ പ്രിയന്റെ മുമ്പിൽ സകല വിശുദ്ധരുമായി കർത്താവിനെ ആരാധിക്കുന്ന ആ സുദിനം മാത്രം ലക്ഷ്യമാക്കി നാം മുമ്പോട്ടു പോകുന്നുവെങ്കിൽ ഈ ലോകത്തിലെ കഷ്ടങ്ങളും ഭാരങ്ങളും നമ്മെ കാർന്നു തിന്നുന്ന സകല പാപങ്ങളും നമ്മെ ബാധിക്കുകയില്ല. നമ്മുടെ നാഥൻ ക്രൂശിൽ നമുക്കായി നിവൃത്തിച്ച ആ സ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും നാം മനസ്സിലാക്കിയാൽ യുഗാകാലം വരെയുള്ള ആ ബന്ധത്തിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുവാൻ ഒരു ശക്തിക്കും സാധിക്കുകയില്ല. നിത്യതേജസ്സിന്റെ ഘനം ഓർക്കുമ്പോൾ നൊടിനേരത്തേക്കു നാം അനുഭവിക്കുന്ന കഷ്ടങ്ങൾ സാരമില്ലെന്നു നമുക്ക് എണ്ണുവാൻ കഴിയട്ടെ. പ്രതികൂലങ്ങൾ നമ്മുടെ നേരെ തിരപോലെ ആഞ്ഞടിക്കുമ്പോൾ, നമ്മുടെ വിരുതിനെ തെറ്റിക്കുവാൻ അവ ഓരോന്നും നമ്മെ വരിഞ്ഞുമുറുക്കുമ്പോൾ, നമുക്കു പറയാം ആ സ്വർഗ്ഗീയ ഭവനമാണ് എന്റെ പ്രത്യാശ. ഭാരങ്ങൾക്കോ പാപത്തിന്റെ കണികകൾക്കോ നമ്മുടെ ജീവിതത്തിൽ സ്ഥാനമില്ലെന്ന് നമുക്ക് ഉറക്കെ പ്രഖ്യാപിക്കാം. ഇപ്രകാരം മരണത്താൽ മറയാത്ത ആ മഹൽസ്നേഹപ്രഭയിൽ നമ്മുടെ പ്രാണപ്രിയൻ നമുക്കായി ഒരുക്കിവച്ചിരിക്കുന്ന ആ പിരിയാത്ത ബന്ധം യുഗാകാലം വരെയും നിലനിർത്തുവാൻ നമുക്കു സാധ്യമാകട്ടെ.

PENTECOSTAL
MARANATHA GOSPEL CHURCH (PMG)
MUSSAFAH, ABU DHABI

ആത്മാവിലും സത്യത്തിലും ദൈവത്തെ
ആരാധിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ
പ്രിയപ്പെട്ടവർക്കും സ്വാഗതം

Our Services;-

Friday Service: 12.30 PM t0 14.30PM, BCC Hall No. F -2
Wednesday: 8 PM to 10 PM, BCC Hall No. G-4
Ladies Meeting: 8 PM to 10 PM on every Thursday
Cottage Meeting: 8 PM to 10 PM on every Sunday

For More Details: Pastor Jacob Daniel, 055-6338992, 050-2554664
TRANSPORTATION FACILITIES ARE AVAILABLE

For Private Circulation only - Not for sale

അപ്കോൺ വോയ്സ്
അബുദാബി പെന്റെക്കോസ്റ്റൽ ചർച്ചസ് കോൺഗ്രിഗേഷന്റെ ഔദ്യോഗിക വാർത്താ പത്രിക
വാല്യം 2 ലക്കം 3
ജനുവരി 2019
അതിവേഗം 25,000 വായനക്കാരിലേക്ക്



# 95–ാമത് കുമ്പനാട് കൺവൻഷന് അനുഗ്രഹീത സമാപ്തി



**കുമ്പനാട് •** വിശ്വാസതീഷ്ണതയാൽ ദൈവമഹത്വം ദർശിക്കാൻ കഴിയുമെന്ന് ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. ഐ.പി.സി.യുടെ 95-ാമതു ജനറൽ കൺവൻഷൻ ഹെബ്രോൻപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മരിച്ച് മൂന്നുനാൾ കഴിഞ്ഞുള്ള ഉയിർപ്പ് വിശ്വാസതീഷ്ണതയിൽ നിന്നുളവായതാണ്. സ്നേഹം, ക്ഷമ, സഹനം, മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണുക, അശരണരെ സഹായിക്കുക എന്നീ ദൗത്യങ്ങൾ സഭ മറക്കരുത്. വിശ്വസിക്കുന്നവർക്കു വേണ്ടി ഇപ്പോഴും അത്ഭുതം ചെയ്യുവാൻ ദൈവം പര്യാപ്തനാണെന്ന് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. സാം ജേക്കബ് പരിഭാഷപ്പെടുത്തി. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി.ജോൺ അദ്ധ്യക്ഷത വഹിച്ചു. മഹാപ്രളയവും മതവിശ്വാസത്തിന്റെ പേരിലെ കലാപങ്ങളും നമ്മുടെ നാട്ടിൽ അസ്വസ്ഥമായ അന്തരീക്ഷം സൃഷ്ടിക്കുമ്പോൾ ക്രിസ്തുകേന്ദ്രീകൃതമായ സന്ദേശമാണ് മുറിവേറ്റ മനസ്സുകൾക്ക് സൗഖ്യം നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

സഭാനേതൃത്വനിരയിലുള്ളവരും പ്രശസ്ത ദൈവവചന പ്രഭാഷകരും വിവിധ ദിവസങ്ങളിൽ ''വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും'' എന്ന വിഷയത്തെ ആസ്പദമാക്കി ദൈവവചനം പ്രസംഗിച്ചു. ജനു. 20-ന് രാവിലെ 9 ന് പാസ്റ്റർ എം.വി.വർഗ്ഗീസിന്റെ കാർമികത്വത്തിൽ നടന്ന തിരുവത്താഴ ശുശ്രൂഷയിൽ അനേകായിരങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. പാസ്റ്റർ കെ.സി. ജോൺ, പാസ്റ്റർ ജേക്കബ് ജോൺ തുടങ്ങിയവർ സമാപന സന്ദേശം നൽകി.

# ലോകത്തിന്റെ നവോത്ഥാനം സുവിശേഷത്തിലൂടെ: ഡോ. പി.എസ് ഫിലിപ്പ്



**പുനലൂർ •** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് കൺവൻഷൻ അനുഗ്രഹീതമായി സമാപിച്ചു. ക്രിസ്തുവിശ്വാസം വ്യക്തികളെയും സമൂഹത്തെയും നവീകരിക്കുന്നതാണെന്നും ആ സുവിശേഷം ലോകത്തിന്റെ സർവ്വതോന്മുഖമായ ഉയർച്ചയ്ക്കും നവോത്ഥാനത്തിനും കാരണമായി തീർന്നതായും ക്രിസ്തുമാർഗ്ഗം നവീകരണത്തിന്റെ കാഹളധ്വനിയായി ഇന്നും ലോകമെങ്ങും മുഴങ്ങുന്നു എന്നും മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ.ഡോ. പി.എസ്. ഫിലിപ്പ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. പാസ്റ്റർ പി. ബേബി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ പ്രഭാ തങ്കച്ചൻ മുഖ്യ പ്രസംഗകനായിരുന്നു.

# 96–ാമത് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ

**മുളക്കുഴ •** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 96-ാമതു ജനറൽ കൺവൻഷൻ 2019 ജനുവരി 21 മുതൽ 27 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കും. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി.സി.തോമസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. സ്വദേശത്തും വിദേശത്തുമുള്ള അനേക ദൈവദാസന്മാർ കൺവൻഷനിൽ ദൈവവചനം ശുശ്രൂഷിക്കും.

എല്ലാ ദിവസവും വൈകിട്ട് പൊതുയോഗം ഉണ്ടായിരിക്കും. വൈ.പി.ഇ, സണ്ടേസ്കൂൾ, എൽ.എം. സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, മിഷൻ സമ്മേളനങ്ങൾ, പാസ്റ്റേഴ്സ് കോൺഫറൻസ് തുടങ്ങി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രോഗ്രാമുകൾ ഉണ്ടായിരിക്കും.






Strictly for Private Circulation Only



Printed & Published by Apccon Voice Chief Editor Johnsy Kadammanitta 055 8223774,
Owned by Apccon : Pr. Benny P. John 050 7900633 (President), Pr. Jacob Samuel 050 3332358 (Vice President),
Sam Zachariah Eapen 050 5211628 (Secretary). Email : apcconvoice@gmail.com, www.apccon.com